ഊർധ്വമൂലമധഃ ശാഖം
അശ്വത്ഥം പ്രാഹുരവ്യയം

ഋഗ്വേദം

സത്യാനന്ദപ്രകാശികാവ്യാഖ്യാ

ഡോ. ബൃഹസ്പതി ചൈതന്യ

അഷ്ടകം 1

അദ്ധ്യായം 2- സൂക്തം 22 - മന്ത്രം 12

കാണ്വ മേധാതിഥി ഋഷി
പിപീലികാ മദ്ധ്യാനിച്യുദ്ഗായത്രീ ഛന്ദസ്
ദേവത - ഇന്ദ്രാണീവരുണാന്യഗ്നായ്യഃ

ദേവ പത്നിമാർ എങ്ങനെയുള്ളവരാണെന്ന് ഈ മന്ത്രം കൊണ്ട് വ്യക്തമാക്കുന്നു.

ഇഹേന്ദ്രാണീമുപ ഹ്വയേ
വരുണാനീം സ്വസ്തയേ
അഗ്നായീം സോമപീതയേ

ഹേ മനുഷ്യാഃ	-	അല്ലയോ മാനവരേ
(യഥാ വയം)	-	എപ്രകാരമാണോ ഞങ്ങൾ
ഇഹ	-	ഈ വ്യവഹാരത്തിൽ
സ്വസ്തയേ	-	നിത്യവും അഭികാമ്യവുമായ സുഖത്തിനുവേണ്ടി
സോമപീതയേ	-	ഐശ്വര്യ പൂർണ്ണമായ ആനന്ദം പ്രദാനംചെയ്യുന്ന ആ കർമ്മത്തിനുവേണ്ടിയും (അമൃത പാനത്തിനുവേണ്ടിയും)
ഇന്ദ്രാണിം	-	സൂര്യശക്തിയെ (ഇന്ദ്രപത്നിയ)
വരുണാനിം	-	വായു-ജല ശക്തികളെ (വരുണപത്നിയെ)
അഗ്നായിം	-	അഗ്നിശക്തിയെ (അഗ്നിപത്നിയെ)
(അർത്ഥാത് യോഗ്യതാനുസാരേണ പുരുഷാണാം കൃതേ സ്ത്രീണാം സ്ത്രീണാം കൃതേ പുരുഷാണാം ച)	-	അതായത് യോഗ്യതയനുസരിച്ച് പുരുഷന്മാർക്ക് സ്ത്രീകളെയും സ്ത്രീകൾക്ക് പുരുഷന്മാരെയും (അതായത് ദേവതാസംബന്ധികളായ പത്നിമാരെ)
ഉപ ഹ്വയേ	-	ജീവിതവിജയത്തിന് സ്വീകരിക്കുന്നു
(തഥാ യൂയം അപി കരുത)	-	അപ്രകാരം നിങ്ങളും ചെയ്യുവിൻ

നല്ല കാര്യങ്ങൾ ബുദ്ധിയുള്ളവർ ചെയ്യുന്നു. അതേപോലെ അനുഷ്ഠിക്കാൻ അന്യരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യർ ഈശ്വരദത്തമായ ഉപഭോഗങ്ങളെ ഉൾക്കൊണ്ട് നാശമില്ലാത്തതും നിരന്തരം ലഭിക്കുന്നതുമായ സുഖലാഭത്തിനുവേണ്ടി പ്രയത്നിക്കണം. മാനസികമായി അടുപ്പവും സാംസ്കാരികമായി ഐക്യവുമുള്ള സ്ത്രീപുരുഷന്മാർ തമ്മിൽ വിവാഹിതരാകണം. സാംസ്കാരികമായി തുല്യതയുള്ള സ്ത്രീപുരുഷന്മാരുടെ ജീവിതം പുരുഷാർത്ഥസാധകമായിത്തീരും. അല്ലാത്തത് അനിഷ്ടപര്യവസായിയാണ്.

അതതു ദേവന്മാരുടെ യോഗ്യതയനുസരിച്ച് അവരുടെ സാന്നിദ്ധ്യത്തിന് ഇണങ്ങുന്ന നിലയിലാണ് ഇന്ദ്ര-വരുണ-അഗ്നി പത്നിമാരെ വിളിച്ചിരിക്കുന്നത്. മംഗളത്തിനുവേണ്ടിയാണ് ആ ക്ഷണം. അതുകൊണ്ട് അത് ആനന്ദാമൃതപാനത്തിനുവേണ്ടിയായി.

യോഗ്യനായ പുരുഷനു തത്തുല്യയോഗ്യതയുള്ള സ്ത്രീയുമായുള്ള ബന്ധം സകല തരത്തിലുള്ള ആനന്ദത്തിനും വക നൽകുന്നു എന്ന സാമൂഹികമായ കാര്യം ഈ മന്ത്രത്തിലൂടെ എടുത്തുകാട്ടുന്നുണ്ട്.

ഇന്ദ്ര-വരുണ-അഗ്നിദേവതമാരുടെ പത്നിസ്വരൂപങ്ങളെ(ശക്തിസ്വരൂപങ്ങളെ) ക്ഷണിക്കുകയാണ്.

രാജാക്കന്മാരിലോ കോട്ടകൾക്കുള്ളിൽ താമസിച്ച് പാവപ്പെട്ടയാത്രക്കാരെ കൊള്ളയടിച്ചുപോന്ന കവർച്ചത്തലവന്മാരിലോ നിന്നല്ലാതെ അർദ്ധനഗ്നരായി കാട്ടിൽ താമസിച്ചിരുന്ന മഹർഷിമാരിൽനിന്ന് തങ്ങളുടെ കുലപാരമ്പര്യം അവകാശപ്പെടാൻ ശ്രമിച്ച രാജാധിരാജന്മാരുടെ നാടിനെപ്പറ്റി എന്നെങ്കിലും എവിടെയെങ്കിലും നിങ്ങൾ കേട്ടിട്ടുണ്ടോ? ഇതാണ് ആ നാട്. മറ്റുനാടുകളിൽ വലിയ പുരോഹിതന്മാർ തങ്ങളുടെ കുലോല്പത്തി ഏതെങ്കിലും ഒരു രാജാവിൽനിന്നു കാണിക്കുവാൻ വെമ്പുന്നു. എന്നാൽ ഇവിടെയോ രാജാധിരാജന്മാർപോലും തങ്ങളുടെ വംശപിതാക്കളായി പുരാണമഹർഷിമാരെ ചൂണ്ടിക്കാണിക്കുന്നു.

സ്വാമി വിവേകാനന്ദൻ

1001 മഹാഭാരതകഥകൾ

അണിമാണ്ഡവ്യനോടുകാട്ടിയ ക്രൂരത

ഡോ. കെ. ചന്ദ്രശേഖരൻ നായർ

34

ജനമേജയൻ ഇടയ്ക്ക് കയറി ചോദിച്ചു-'വൈശമ്പായന ഭഗവാനെ,ധർമ്മരാജൻ എന്ത് കുറ്റം ചെയ്തിട്ടാണ് ഭൂമിയിൽ വിദുരരായി പിറന്നത്. അപ്രകാരം ശൂദ്രയോനിയിൽ പിറക്കാനുള്ള ഒരു ബ്രഹ്മർഷിയുടെ ശാപത്തിന്റെ പിന്നിലെ വൃത്താന്തം പറഞ്ഞുതരാമോ?'

വൈശമ്പായനൻ തുടർന്നു: 'ജനമേജയാ, സശ്രദ്ധം കേട്ടുകൊള്ളുക. പണ്ട് പണ്ട് നടന്നകാര്യമാണ്. അണിമാണ്ഡവ്യൻ എന്നു പേരുള്ള മഹായശസ്സിയായ ഒരു ബ്രാഹ്മണ ശ്രേഷ്ഠനുണ്ടായിരുന്നു. അദ്ദേഹം ധൈര്യവാനും ധർമ്മജ്ഞനും തപസ്സിയും സത്യനിഷ്ഠനുമായിരുന്നു. ആശ്രമ കവാടത്തിലെ വൃക്ഷച്ചുവട്ടിലിരുന്ന് രണ്ടു കൈയ്യും ശിരസ്സിനുമുകളിൽ തൊഴുത് പിടിച്ച് അദ്ദേഹം തപസ്സനുഷ്ഠിക്കുമായിരുന്നു. മൗനവ്രതം ആചരിച്ചുകൊണ്ട് ഒരിക്കൽ അദ്ദേഹം അപ്രകാരം തപസ്സാരംഭിച്ചു. വളരെനാൾ അങ്ങനെ കഴിയവെ കുറച്ചുകള്ളന്മാർ മോഷണവസ്തുക്കളുമായി അവിടെ വന്നു. അനേകം രക്ഷാഭടന്മാർ അവരെ പിന്തുടർന്ന് ഓടിവരുകയായിരുന്നു. ഇതു മനസ്സിലാക്കിയ കള്ളന്മാർ അണിമാണ്ഡവ്യന്റെ ആശ്രമത്തിൽ കടന്ന് മോഷണ വസ്തുക്കൾ ഒളിച്ചുവയ്ക്കുകയും ആശ്രമത്തിന്റെ അകത്തളത്തിൽ ഒളിച്ചിരിക്കുകയും ചെയ്തു. രക്ഷാഭടന്മാർ കൈകൂപ്പി മൗനമാചരിച്ച് തപസ്സനുഷ്ഠിക്കുന്ന അണിമാണ്ഡവ്യന്റെ മുന്നിൽ വന്നു. അവർ മുനിയോടു തിരക്കി- 'കള്ളന്മാർ എങ്ങോട്ട് ഓടി. പെട്ടെന്നു പറഞ്ഞുതാ. അവന്മാരെ ഓടിച്ചിട്ടു പിടിക്കട്ടെ.' രക്ഷാഭടന്മാരുടെ ചോദ്യത്തിന് അണിമാണ്ഡവ്യൻ ഉത്തരമൊന്നും കൊടുത്തില്ല. രക്ഷാഭടന്മാർ ആശ്രമത്തിനുള്ളിൽക്കടന്ന് പരിശോധന നടത്തി. കൈയോടെ അവർ തൊണ്ടിസഹിതം കള്ളന്മാരെ പിടികൂടി. കള്ളന്മാരെ ഈ മുനി ആശ്രമത്തിൽ ഒളിപ്പിച്ചുവച്ചതാണെന്ന് രക്ഷാഭടന്മാർ ധരിച്ചു. അവർ അണിമാണ്ഡവ്യനെയും കള്ളന്മാരെയും രാജാവിന്റെ മുന്നിൽ ഹാജരാക്കി. വിചാരണയ്ക്കുശേഷം എല്ലാപേരെയും ശൂലത്തിലേറ്റാൻ രാജകല്പനയുണ്ടായി. കള്ളന്മാരോടൊപ്പം അണിമാണ്ഡവ്യനെയും ശൂലത്തിലേറ്റി. ശൂലത്തിലേറി എങ്കിലും അദ്ദേഹം മരിച്ചില്ല. വളരെക്കാലം അങ്ങനെ കിടന്നു. ഒരിക്കൽ ചില ഋഷിമാർ അവിടെ വരാൻ ഇടയായി. അവർ പക്ഷിരൂപം പൂണ്ട് രാത്രിയിൽ അണിമാണ്ഡവ്യന്റെ അടുത്ത് വന്ന് അങ്ങ് ചെയ്ത അപരാധമെന്താണെന്ന് ചോദിച്ചു. അണിമാണ്ഡവ്യൻ ആരെയും കുറ്റം പറഞ്ഞില്ല. തന്റെ കർമ്മഫലമാണ് ഇതെന്നു മാത്രം പറഞ്ഞു.

ശൂലത്തിലേറ്റപ്പെട്ട മുനി വളരെ നാളായിട്ടും പ്രാണത്യാഗം ചെയ്യാത്ത വാർത്ത രാജസവിധത്തിലെത്തി. മുനി നിർദ്ദോഷിയാണെന്ന ബോധ്യം രാജാവിനുവന്നു. അദ്ദേഹം അണിമാണ്ഡവ്യന്റെ അടുക്കലേയ്ക്ക് ഓടിവന്നു. അറിയാതെ ചെയ്തുപോയ അപരാധത്തിന് രാജാവ് മാപ്പിരന്നു. തുടർന്ന് അദ്ദേഹത്തെ ശൂലത്തിൽ നിന്നും ഊരിയെടുക്കാൻ ശ്രമിച്ചു. എത്രശ്രമിച്ചിട്ടും ശൂലം ഊരാൻ പറ്റിയില്ല. അവസാനം ശൂലം മുറിച്ചാണ് മുനിയെ മോചിപ്പിച്ചത്. ശരീരാന്തർഭാഗത്തുള്ള ശൂലഭാഗം മുനിയിൽതന്നെ ഉണ്ടായിരുന്നു. ആ കാരണംകൊണ്ടാണ് അദ്ദേഹം അണിമാണ്ഡവ്യനെന്ന് അറിയപ്പെടാൻ തുടങ്ങിയത്. കാലം വളരെക്കഴിഞ്ഞുപോയി. ശൂലഭാഗം ശരീരത്തിൽ ഏറ്റിവച്ചുകൊണ്ടുതന്നെ അണിമാണ്ഡവ്യൻ തപസ്സ് തുടർന്നു. ഇഹലോകവാസം വെടിഞ്ഞശേഷം അണിമാണ്ഡവ്യൻ ധർമ്മരാജപുരിയിലെത്തി. എന്നിട്ട് യമധർമ്മനോടു ചോദിച്ചു- 'ശൂലഭാഗം എന്റെ ശരീരത്തിനുള്ളിൽ സ്ഥിരമായി ഇരിക്കത്തക്കവണ്ണം ഞാൻ എന്തു പാപമാണ് ആചരിച്ചത്. ഇതിനുത്തരം താങ്കൾ പറയണം. അല്ലെങ്കിൽ തിക്തഫലം അനുഭവിക്കേണ്ടിവരും.' ധർമ്മരാജൻ പറഞ്ഞു-'അങ്ങ് ഒരു പുഴുവിന്റെ ശരീരാന്തർഭാഗത്ത് ഈർക്കിൽ കയറ്റിയിരുന്നു. ആ പാപത്തിന്റെ ഫലമാണിത്. അല്പംദാനം ചെയ്താൽ പത്തിരട്ടി ഫലം കിട്ടും. അതേപ്പോലെ അല്പം പാപം ചെയ്താലും പത്തിരട്ടി ശിക്ഷകിട്ടും.' ഇത്തരത്തിലൊരു പാപം ചെയ്തത് അണിമാണ്ഡവ്യന് അറിഞ്ഞുകൂടായിരുന്നു. അദ്ദേഹം ധർമ്മരാജനോടു ചോദിച്ചു-'ഞാൻ എപ്പോഴാണ് ഈ പാപം ചെയ്തത്.' ധർമ്മദേവൻ പറഞ്ഞു-'അങ്ങ് കുഞ്ഞായിരിക്കുമ്പോൾ.' 'കൊച്ചുകുഞ്ഞിന് ധർമ്മമോ അധർമ്മമോ തിരിച്ചറിയാമോ? അതുകൊണ്ട് പത്രണ്ടു വയസ്സിനു മുമ്പ് ഒരുവൻ ഒരധർമ്മം ആചരിച്ചിട്ടുണ്ടെങ്കിലും അതിന് ശിക്ഷപാടില്ല. നിങ്ങളിതാ ഒരു ചെറിയ അപരാധത്തിന് കടുത്ത ശിക്ഷ കൊടുത്തിരിക്കുന്നു. അങ്ങ് ചെയ്തത് ഒരു കടുംകൈയ്യാണ്. അതുകൊണ്ട് ഞാനിതാ അങ്ങയെ ശപിക്കുന്നു. അവിടുന്ന് ശൂദ്രയോനിയിൽ മനുഷ്യനായിപ്പിറക്കട്ടെ.'

ഈ അണിമാണ്ഡവ്യന്റെ ശാപം മൂലമാണ് ധർമ്മരാജൻ ദാസീപുത്രനായ വിദുരരായി മനുഷ്യയോനിയിൽ പിറന്നത്. വിദുരർ ധർമ്മശാസ്ത്രത്തിലും അർത്ഥശാസ്ത്രത്തിലും വലിയ നിപുണനായിരുന്നു. ക്രോധലോഭങ്ങളൊന്നും അദ്ദേഹത്തെ തീണ്ടിയിരുന്നേയില്ല. ഈ വിദുരർ കാര്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നവനും ശാന്തിയുടെയും സമാധാനത്തിന്റെയും പക്ഷപാതിയും കുരുവംശത്തിന് ഇഷ്ടംചെയ്യുന്നവനുമായിരുന്നു.'

ശ്രീശങ്കരൻ ലൗകിക ദൃഷ്ടാന്തങ്ങളിലൂടെ

ഡോ.കെ.ചന്ദ്രശേഖരൻനായർ

സമസ്തലോകമായും ധർമ്മമായും സങ്കല്പിച്ചുകൊണ്ടുള്ള ഓംതത്ത്വ ധ്യാനത്തിൽ വിരുദ്ധഭാവമില്ല എന്ന കാര്യമാണ് ഈ ദൃഷ്ടാന്തത്തിലൂടെ വ്യക്തമാക്കുന്നത്.

യഥാ യത്ര ഘടാ ദി ദൃഷ്ടിഃ
മൃതാദി ദൃഷ്ട്യാ അനുഗതൈവ

(ഛാ.ഉ.ഭാ. 2.2.1)

എപ്രകാരമാണോ കുടം തുടങ്ങിവയെ കാണുന്ന കണ്ണ് മണ്ണുതുടങ്ങിയവയെ കണ്ടുകൊണ്ടു തന്നെ സ്ഥിതി ചെയ്യുന്നത്.

ഛാന്ദോഗ്യോപനിഷത്ത് അനുസരിച്ച് ഓങ്കാരത്തെ (സാമൻ) ലോകമായും ധർമ്മമായും കരുതി ധ്യാനിക്കാം. ഇവിടെ ഒരു തർക്കം ഉന്നയിക്കുന്നു. ലോകവും ധർമ്മവും രണ്ടാണല്ലോ? ഈ സാമം 'ഓം' എന്ന ഉദ്ഗീതമാണ്. ആ നിലയിൽ അതിൽ ഭേദം പാടില്ല. അതുകൊണ്ട് തന്നെ ലോകമായും ധർമ്മമായും ഓം തത്ത്വത്തെ ധ്യാനിക്കാൻ പാടില്ല എന്നു വന്നുചേരുന്നു ധർമ്മമെന്നത് പ്രപഞ്ചികമായ സത്യനിയമമാണ്. ആത്യന്തികമായ സത്യം ബ്രഹ്മമാകയാൽ ധർമ്മവും ബ്രഹ്മം തന്നെ. ലോകത്തെ ധർമ്മത്തിലൂടെയാണ് നാം കാണുന്നത്. ആ ധർമ്മം ബ്രഹ്മം തന്നെ. അതുകൊണ്ട് ഓം തത്ത്വത്തെ ലോകമായും ബ്രഹ്മമായും ആരാധിക്കുന്നതിൽ വൈരുദ്ധ്യഭാവവും ഇല്ല. ഈ ലോകത്തിലെ ചേതനവും അചേതനവുമായ സർവ്വവും ബ്രഹ്മത്തിൽനിന്നു ഭിന്നമല്ല.ഇക്കാര്യമാണ് പ്രകൃതദൃഷ്ടാന്തം വ്യക്തമാക്കിയത്.

ഒരു കുടം കളിമണ്ണുകൊണ്ടാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് കളിമണ്ണിനെ ഒഴിച്ചുമാറ്റിയുള്ള കുടം എന്ന ഒന്ന് ഇല്ല. ആകയാൽ കളിമണ്ണിലുടെയാണ് ഒരുവൻ കുടത്തെ കാണുന്നത്. അതുകൊണ്ട് കുടം എന്ന ചിന്ത എപ്പോഴും കളിമണ്ണ് എന്ന ധാരണയെത്തുടർന്നുള്ളതാണ്. ഒരുവൻ ഒരു കുടം തൊട്ടുനോക്കുന്നു എന്നിരിക്കട്ടെ. അയാൾ ആ ക്രിയയിലൂടെ കളിമണ്ണിനെയും തൊട്ടതായി. അതായത് മണ്ണിനെ വിട്ട് ഒരുവന് കുടത്തെ സ്പർശിക്കാൻ സാധ്യമല്ല. ഒരേ സമയം കുടത്തിനെയും മണ്ണിനെയും സ്പർശിക്കും. ഇതിൽ വൈരുദ്ധ്യാത്മകത ഇല്ല. ഇതേപോലെ ഒരാളിന് ലോകമായും ധർമ്മമായും ഓംകാരത്തെ ധ്യാനിക്കാം. ധർമ്മവും ലൗകികമാണ്. അതുകൊണ്ട് തന്നെ അത് ലോകത്തിൽ നിന്നും ഭിന്നമല്ല. എന്നാൽ ഇവിടെ ഒരു ക്രമമുണ്ട്. ഒരു സമയത്ത് സാധകൻ ലോകമായി ഓംതത്ത്വത്തെ ധ്യാനിക്കുന്നു. അടുത്ത ക്ഷണത്തിൽ അതേ ഓം തത്ത്വത്തെ ബ്രഹ്മമായി ത്തന്നെ ധ്യാനിക്കുന്നു. ഇത് കുടം ആണെന്ന് കരുതി ഒരാൾ കുടത്തെ തൊട്ടശേഷം അടുത്ത ക്ഷണത്തിൽ അതിനെ തന്നെ മണ്ണാണെന്ന് കരുതി തൊടുന്നതുപോലെയാണ്. ഒരു കുടത്തെ മൺപാത്രമായും കളിമണ്ണായും മനസ്സിലാക്കുന്നതിൽ വൈരുദ്ധ്യവുമില്ല. പ്രകൃതകാര്യവും ഇതുപോലെതന്നെയാണ്. ബ്രഹ്മാതീതമായിട്ട് ഒരുവന് ഒന്നും ധരിക്കാനോ ചിന്തിക്കാനോ ഒക്കുകയില്ല. അതുകൊണ്ട് ലോകമാകട്ടെ, ധർമ്മമാകട്ടെ എന്തായാലും ശരി ആത്യന്തികമായി അത് ഏകമായ ബ്രഹ്മം തന്നെ.



വൈകിവന്ന വിവേകം

പഴയന്നൂർ മഹാദേവൻ

വടക്കേ ഇന്ത്യയിലെ ഒരു നാട്ടുരാജ്യത്തിലെ രാജാവായിരുന്നു ധനസിംഹൻ. കർശനക്കാരനായ ധനസിംഹന് ഭരണപാടവം കുറവായിരുന്നു. ആ കൊല്ലം ഭയങ്കര വരൾച്ചമൂലം വിളവെല്ലാം നഷ്ടമായി. ജനങ്ങൾ ദുരിതത്തിലായി. തങ്ങളുടെ കദനകഥകൾ രാജാവിനെ അറിയിക്കാൻ കുറേ ഗ്രാമീണർ തയ്യാറെടുത്തു. ആഗ്രാമത്തിലെ അഭ്യസ്തവിദ്യനും ബഹുമാന്യനുമായ രാമധൻ എന്നു പേരായ ഒരു പണ്ഡിതന്റെ നേതൃത്വത്തിൽ ഒരു സംഘം രാജസന്നിധിയിലെത്തി. രാമധൻ എല്ലാ വിവരങ്ങളും രാജാവിനെ ബോധിപ്പിച്ചു. രാജാവ് മറുപടി പറയുന്നതിനു മുമ്പുതന്നെ മന്ത്രി ഇടപ്പെട്ടു: "രാജാവേ ഈ പറയുന്നതെല്ലാം കളവാണ്. നമ്മുടെ രാജ്യത്ത് ക്ഷാമമൊന്നുമില്ല. ജനങ്ങൾക്ക് ഒന്നിനും കുറവില്ല. പണം തട്ടിയെടുക്കാൻ ഇറങ്ങിയിരിക്കുന്ന സംഘമാണിത്. ഇവർക്ക് മരണശിക്ഷതന്നെ നൽകണം." മരണശിക്ഷയെന്നു കേട്ടപ്പോഴേക്കും രാമധൻ ഒഴികെ എല്ലാവരും സ്ഥലം വിട്ടു. മന്ത്രിയുടെ വാക്യം രാജാവിനു വേദവാക്യമായിരുന്നു. രാമധൻ വധിക്കപ്പെട്ടു. ഭർത്താവിന്റെ മരണവാർത്ത കേട്ടതും ഭാര്യയും ഹൃദയാഘാതത്തിൽ മരണമടഞ്ഞു.

രാമധന്റെ ഏകമകനായ വല്ലഭൻ അനാഥനായി. അസാമാന്യമായ ബുദ്ധിശക്തിയായിരുന്നു വല്ലഭന്. അവൻ ചിന്തിച്ചു. "ഒന്നുകിൽ രാജാവിനെ നേർവഴിക്കു കൊണ്ടുവരണം. അല്ലെങ്കിൽ അച്ഛന്റെയും അമ്മയുടെയും വിധി സ്വയം സ്വീകരിക്കണം"

അവൻ നിർഭയനായി രാജകൊട്ടാരത്തിലെത്തി. ദർബാർ കൂടുന്ന സമയം. ഒഴിഞ്ഞ ഒരു ഇരിപ്പിടത്തിൽ അവൻ ഇരുന്നു. അനുവാദം ചോദിക്കാതെ അകത്തു പ്രവേശിച്ച് ധിക്കാരം കാട്ടിയതിന് അവനെ രാജസന്നിധിയിൽ ഹാജരാക്കി. രാജാവ് പറഞ്ഞു: "നിനക്ക് മരണശിക്ഷ വിധിച്ചിരിക്കുന്നു. ശിക്ഷനടപ്പാക്കുന്നതിനു മുമ്പ് നിനക്ക് മൂന്നു കാര്യങ്ങൾ ആവശ്യപ്പെടാം. അതു നിറവേറ്റപ്പെടുമെന്ന് ഉറപ്പുതരാം." ബുദ്ധിമാനായ വല്ലഭന്റെ മുന്ന് ആവശ്യങ്ങൾ ഇവയായിരുന്നു: "താങ്കൾ ഒരു പകലും രാത്രിയും ഭക്ഷണമൊന്നും കഴിക്കരുത്. അടുത്തദിവസം രാത്രിയും പകലും വെള്ളം കുടിക്കാതെ കഴിയണം. മൂന്നാം ദിവസം ഒരു നിമിഷം പോലും ഉറങ്ങാതെ കഴിച്ചുകൂട്ടണം.'' നിറഞ്ഞ ദർബാറിൽ കൊടുത്ത വാക്ക് പാലിക്കാതിരിക്കുന്നതെങ്ങിനെ. വിശപ്പ് എന്താണെന്നും ദാഹം എന്താണെന്നും ക്ഷീണിക്കുന്നതെങ്ങനെയെന്നും രാജാവ് ജീവിതത്തിൽ ആദ്യമായി മനസ്സിലാക്കി. അടുത്തദിവസം ബാലനെ വിളിച്ചു ചോദിച്ചു: "നീ ഈ മൂന്ന് ആവശ്യങ്ങൾ തിരഞ്ഞെടുത്തതിന്റെ ഉദ്ദേശ്യം എന്താണ്?" വല്ലഭൻ പറഞ്ഞു: "രാജാവേ! ഞാൻ രാമധനന്റെ ഏക പുത്രനാണ്. എന്റെ അടുത്ത് പറയാനുള്ളത് കേൾക്കാനുള്ള സന്മനസ്സുപോലും അങ്ങയ്ക്ക് ഉണ്ടായില്ല. അതുകൊണ്ട് എനിക്ക് അമ്മയും അച്ഛനും നഷ്ടപ്പെട്ടു. വിശപ്പും ദാഹവും എത്ര അസഹനീയമാണെന്ന് അങ്ങ് ഇപ്പോൾ അറിഞ്ഞല്ലോ? ഇതുപോലെ വിശന്നുപൊരിയുന്ന ആയിരങ്ങൾ ഈ രാജ്യത്തുണ്ട്. ദാഹജലം പോലും കിട്ടാതെ പക്ഷിമൃഗാദികൾ ചത്തൊടുങ്ങുന്നു. എന്റെ മരണശിക്ഷ നടപ്പാക്കിയശേഷം, അങ്ങ് ദയവായി പ്രജകളുടെ നന്മയ്ക്കായി ശ്രമിക്കണം. എന്റെ അന്ത്യഭിലാഷം ഇത്രമാത്രം."

രാജാവ് വല്ലഭനെ കെട്ടിപ്പുണർന്നു. രാജാവ് പ്രഖ്യാപിച്ചു: "ഈ കുട്ടി എന്റെ കണ്ണുതുറന്നു. പ്രജാക്ഷേമമായിരിക്കും ഇനി എന്റെ ലക്ഷ്യം."

അദ്ധ്യാത്മ രാമായണം

ഛാദപൂജാ വ്യാഖ്യാനം

ജഗദ്ഗുരു സ്വാമി സത്യാനന്ദസരസ്വതി

ബാലകാണ്ഡം -223

ശ്രീരാമവചനം കേട്ടന്നേരം ഭാർഗ്ഗവനു-
മാരുദ്ധാനന്ദമതിനുത്തരമരുൾചെയ്തു:
ശ്രീരാമ! രാമ! മഹാബാഹോ! ജാനകീപതേ!
ശ്രീരമണാത്മാരാമ! ലോകാഭിരാമ! രാമ!
ശ്രീരാമ! സീതാഭിരാമാനന്ദാത്മക! വിഷ്ണോ!
ശ്രീരാമ! രാമ! രമാരമണ! രഘുപതേ!
ശ്രീരാമ! രാമ! പുരുഷോത്തമ! ദയാനിധേ!
ശ്രീരാമ! സൃഷ്ടിസ്ഥിതിപ്രളയഹേതുമൂർത്തേ!
ശ്രീരാമ! ദശരഥനന്ദന! ഹൃഷീകേശ!
ശ്രീരാമ! രാമ! രാമ! കൗസല്യാത്മജ! ഹരേ!
എങ്കിലോ പുരാവൃത്തം കേട്ടുകൊണ്ടാലും മമ
പങ്കജവിലോചന! കാരുണ്യവാരാന്നിധേ!
ചക്രതീർത്ഥത്തിങ്കൽച്ചെന്നെത്രയും ബാല്യകാലേ
ചക്രപാണിയെത്തന്നെ തപസ്സുചെയ്തേൻചിരം
ഉഗ്രമാം തപസ്സുകൊണ്ടിന്ദ്രിയങ്ങളെയെല്ലാം
നിഗ്രഹിച്ചനുദിനം സേവിച്ചേൻ ഭഗവാനെ.

ശ്രീരാമവചനം	-	ശ്രീരാമന്റെ വാക്ക്
കേട്ടന്നേരം	-	കേട്ടപ്പോൾ
ആരുദ്ധാനന്ദം	-	വർദ്ധിച്ച സന്തോഷത്തോടെ
മഹാബാഹു	-	നീണ്ട കൈകളുള്ളവൻ, കരബല മുള്ളവൻ (മഹാബാഹുത്വം ഉത്തമപുരുഷ ലക്ഷണമാണ്)
ശ്രീരമണൻ	-	ലക്ഷ്മീപതി
ആനന്ദാത്മകൻ	-	ആനന്ദസ്വരൂപൻ
സൃഷ്ടിസ്ഥിതിപ്രളയ ഹേതുമൂർത്തി	-	സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്ക് കാരണഭൂതൻ
പുരാവൃത്തം	-	പൂർവ്വചരിത്രം
ചക്രതീർത്ഥത്തിങ്കൽ	-	ചക്രതീർത്ഥത്തിൽ (ചക്രതീർത്ഥമെന്ന പുണ്യസ്ഥലത്ത്)
ചക്രപാണി	-	ചക്രായുധം കയ്യിലുള്ളവൻ (മഹാവിഷ്ണു)
ചിരം	-	വളരെക്കാലം
ഇന്ദ്രിയങ്ങളെയെല്ലാം നിഗ്രഹിച്ച്	-	ഇന്ദ്രിയങ്ങളെയെല്ലാമടക്കി (ലൗകിക വിഷയങ്ങളിലേക്ക് വ്യാപരിച്ചുകൊണ്ടിരിക്കുന്ന ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചിട്ട്, ലൗകികവാസനകളെ നശിപ്പിച്ചിട്ട്, അന്തർമുഖനായി)
സേവിച്ചേൻ ഭഗവാനെ	-	ഭഗവാനെ ഞാൻ സേവിച്ചു

ശ്രീരാമന്റെ വാക്കുകൾ കേട്ട് പരശുരാമൻ ആനന്ദാതിരേകത്തോടെ ശ്രീരാമനെ മഹാവിഷ്ണുവായിക്കണ്ട് വിവിധപ്രകാരത്തിൽ വാഴ്ത്തിക്കൊണ്ട് ഇപ്രകാരം ഉത്തരം നല്കി: ശ്രീരാമ! എന്റെ പൂർവ്വവൃത്താന്തം അങ്ങ് സദയം കേട്ടുകൊണ്ടാലും. ഞാൻ ചെറുപ്പകാലത്ത് ചക്രതീർത്ഥത്തിൽ ചെന്ന് വളരെക്കാലം പഞ്ചേന്ദ്രിയവ്യാപാരങ്ങളെ നിഗ്രഹിച്ച് കഠിനമായ തപസ്സുചെയ്തുകൊണ്ട് ചക്രപാണിയായ ഭഗവാനെ ഭജിച്ചു.